# പതിനാലാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. T 1579

07.06.2018-ൽ മറുപടിക്ക്

## ചെല്ലാനം ഫിഷിംഗ് ഹാർബർ വികസനം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.കെ.ജെ. മാക്സി | | ശ്രീമതി.ജെ.മേഴ്സിക്കുട്ടി അമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പമന്ത്രി) |
| (എ) | ചെല്ലാനം ഫിഷിംഗ് ഹാർബറിന്റെ വികസനത്തിന് നബാർഡ് മുഖേന തുക അനുവദിച്ച് നൽകിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ; | (എ) | ചെല്ലാനം ഫിഷിംഗ് ഹാർബറിന്റെ രണ്ടാം ഘട്ട വികസന പ്രവൃത്തികൾക്ക് നബാർഡ് RIDF XV ധനസഹായ പദ്ധതിയിൽ ഉൾപ്പെടുത്തി 29.90 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ഭൂമി അക്വയർ ചെയ്ത് കിട്ടാൻ താമസം വന്നതിനാൽ പുലിമുട്ട് നിർമ്മാണം മാത്രമേ പൂർത്തിയാക്കാനായുള്ളൂ. ശേഷിച്ച അനുബന്ധ ഘടകങ്ങളുടെ നിർമ്മാണപ്രവർത്തനങ്ങൾക്ക് നബാർഡ് RIDF - 23 - ൽ ഉൾപ്പെടുത്തി 1037 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ബി) | തുക അനുവദിച്ച് നൽകിയിട്ടുണ്ടെങ്കിൽ ഫിഷിംഗ് ഹാർബറിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാത്തതിന്റെ കാരണം വിശദമാക്കാമോ? | (ബി) | RIDF XV പ്രകാരം രണ്ടാം ഘട്ട വികസന പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ചത് അനുസരിച്ച് ഹാർബറിന്റെ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കുകയും 120 മീറ്റർ നീളത്തിലുണ്ടായിരുന്ന തെക്കേ പുലിമുട്ട് 450 മീറ്റർ കൂടി ചെയ്ത് 570 മീറ്റർ നീളത്തിലും 120 മീറ്റർ നീളത്തിലുണ്ടായിരുന്ന വടക്കേ പുലിമുട്ട് 30 മീറ്റർ കൂടി ചെയ്ത് 150 മീറ്റർ നീളത്തിലും പൂർത്തീകരിച്ചിട്ടുണ്ട്.<br>ഹാർബറിന്റെ സ്ഥലമെടുപ്പ് നടപടികൾ വൈകിയതിനാൽ കരയിലെ അടിസ്ഥാന സൗകര്യങ്ങളായ വാർഫ്, ലേലപ്പുര, ലോക്കർ റൂം, നെറ്റ് മെന്റിംഗ് ഷെഡ്, ടോയ് ലറ്റ് ബ്ലോക്ക്, കാന്റീൻ, ഡോർമിറ്ററി, അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് എന്നിവയുടെ നിർമ്മാണപ്രവൃത്തികൾ RIDF XV-ന്റെ കാലാവധിയ്ക്കുള്ളിൽ നടത്തുവാൻ സാധിച്ചില്ല. ഈ അനുബന്ധ ഘടകങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് വീണ്ടും RIDF 23-ൽ ഉൾപ്പെടുത്തി 1037 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയതനുസരിച്ച് സാങ്കേതികാനുമതി നൽകി ദർഘാസ് ക്ഷണിക്കുവാൻ നടപടി സ്വീകരിച്ചു വരുന്നു. സ്ഥലം എടുക്കുന്നതിന് 13 കോടി രൂപ റവന്യൂ വകുപ്പിന് നൽകിയിട്ടുണ്ട്. സ്ഥലം ഏറ്റെടുപ്പ് നടപടി പൂർത്തിയായി സ്ഥലം ലഭിച്ചാലുടനെ പ്രവൃത്തികൾക്ക് ടെണ്ടർ നടപടി സ്വീകരിച്ച് പ്രവൃത്തികൾ പൂർത്തിയാക്കുവാൻ സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ